## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6557.** **03.04.2018 ൽ മറുപടിയ്ക്ക്**

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ സ്കൂൾ കോളേജ് തലത്തിൽ എത്ര ലഹരിവിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചു; | (എ) | സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. |
| (ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എന്ത് തുക ഇതുവരെ ചെലവഴിച്ചു; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ലഹരിവർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി വിവിധ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി 9,42,91,478 /- ( ഒൻപത് കോടി നാല്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നാനൂറ്റി എഴുപത്തിയെട്ട് രൂപ) ചെലവഴിച്ചിട്ടുള്ളതാണ്. |
| (സി) | ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ എന്ത് തുക ചെലവഴിച്ചു; ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് 2016 മെയ് മാസത്തിന് ശേഷം എന്ത് തുക നൽകിയെന്നറിയിക്കുമോ? | (സി) | തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**